LIBRARY ARCHIVES Kerala Legislative Assembly

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

**15 (*15)** ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനു ദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) ഉണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം-I)*

(സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം-II)*

## അഡ്വക്കേറ്റ് ജനറൽ ആഫീസിന്റെ പ്രവർത്തനം

**16 (*16)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. ബി. സത്യൻ :

ശ്രീ. സി. കെ. സദാശിവൻ :

ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ കേസ് നടത്തിപ്പിലെ കെടുകാര്യസ്ഥതകൾ സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തിന്റെ കേസുകൾ കൈകാര്യം ചെയ്യുന്ന ഭരണഘടനാ സംവിധാനമെന്ന നിലയിൽ കുറ്റമറ്റനിലയിൽ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാർ അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ പ്രവർത്തനവും സംസ്ഥാനത്തിന്റെ കെട്ടിക്കിടക്കുന്ന കേസുകളും സംബന്ധിച്ച് ഏറ്റവും ഒടുവിൽ വിലയിരുത്തിയത് എപ്പോഴായിരുന്നുവെന്ന് വിശദമാക്കാമോ ;

(ഡി) അഡ്വക്കേറ്റ് ജനറൽ ഓഫീസിനെക്കുറിച്ചുള്ള ഹൈക്കോടതിയുടെ നിരീക്ഷണങ്ങളും വിലയിരുത്തപ്പെടുകയുണ്ടായോ; വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ കേസ് നടത്തിപ്പിലെ കെടുകാര്യസ്ഥതകൾ സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങൾ വസ്തുതാപരമല്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ കേസുകൾ കൈകാര്യം ചെയ്യുന്ന ഭരണഘടനാ സംവിധാനമായ അഡ്വക്കേറ്റ് ജനറൽ ആഫീസ് കുറ്റമറ്റരീതിയിലാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

(സി) അഡ്വക്കേറ്റ് ജനറൽ ആഫീസിന്റെ പ്രവർത്തനവും കെട്ടിക്കിടക്കുന്ന കേസുകളും സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്തുന്നത് അഡ്വക്കേറ്റ് ജനറലാണ്. അദ്ദേഹം എല്ലാ കാര്യങ്ങളും വിലയിരുത്തി ഉചിതമായ രീതിയിൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) അഡ്വക്കേറ്റ് ജനറൽ ആഫീസിനെക്കുറിച്ചുള്ള ഹൈക്കോടതി നിരീക്ഷണങ്ങൾ വിലയിരുത്തി അഡ്വക്കേറ്റ് ജനറൽ ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ശുഭയാത്ര 2015 പദ്ധതി

17 (*17) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ശുഭയാത്ര 2015 പദ്ധതി ' നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly